**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1724** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.എസ്.ആർ. 2018 പ്രകാരം പുനർനിർണ്ണയിച്ച പ്രവൃത്തിയുടെ അടങ്കലിന് പുതുക്കിയ ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 30/10/2019 - ലെ സ.ഉ.(സാധാ)നം. 1945/2019/ ഉ.വി.വ ഉത്തരവ് പ്രകാരം കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSOR 2018 -ൽ വ്യത്യാസം വരികയും, അതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെ കൊണ്ട് മണ്ണ് പരിശോധിച്ച റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകുകയും ചെയ്തു.<br><br>പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂം ഉൾപ്പെട്ട ഭാഗം മാത്രമേ നിർമ്മിക്കുവാൻ കഴിയുകയുള്ളൂവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.<br><br>ടി നിർമ്മാണത്തിന് വേണ്ടി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre-stressed building |

| | | | |
|---|---|---|---|
| | | | with prefab slab & walls ഉപയോഗിച്ച് ഇതര സാങ്കേതികവിദ്യ പരിഗണിച്ച്, സർക്കാർ അനുമതി ലഭിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തി ഒരു economical proposal വീണ്ടും സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹൈസ്കൂൾ കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ; പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | 30/10/2019 - ലെ സ.ഉ.(സാധാ)നം. 1945/2019/ഉ.വി.വ ഉത്തരവ് പ്രകാരം കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSOR 2018 -ൽ വ്യത്യാസം വരികയും, അതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെ കൊണ്ട് മണ്ണ് പരിശോധിച്ച റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകുകയും ചെയ്തു.<br><br>പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലായെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂം ഉൾപ്പെട്ട ഭാഗം മാത്രമേ നിർമ്മിക്കുവാൻ കഴിയുകയുള്ളൂവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.<br><br>ടി നിർമ്മാണത്തിന് വേണ്ടി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre-stressed building with prefab slab & walls ഉപയോഗിച്ച് ഇതര സാങ്കേതികവിദ്യ പരിഗണിച്ച്, സർക്കാർ അനുമതി ലഭിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തി ഒരു economical proposal വീണ്ടും സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ